(സി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ പരിപാടി ഏത് ഏജൻസിയാണ് നടപ്പിലാക്കിയതെന്നും ആർക്കെല്ലാം കോഴിക്കുഞ്ഞുങ്ങളെ നൽകിയെന്നും അറിയിക്കാമോ?

ഉത്തരം

(എ—സി) കോഴിക്കുഞ്ഞുങ്ങളും കൂടും നൽകുന്ന പദ്ധതി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ ബ്ലോക്ക് തലത്തിൽ വനിതാ വികസന സംഘങ്ങൾ രൂപീകരിച്ച് നടത്തിവരുന്നു. അമ്പലപ്പുഴ ബ്ലോക്കിലും ഈ പരിപാടി നടപ്പിലാക്കിയത് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനാണ്. കോർപ്പറേഷൻ ലഭ്യമാക്കിയ കണക്ക് പ്രകാരം അമ്പലപ്പുഴ ബ്ലോക്കിൽ 576 പേർക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ സ്ഥലത്തെയും എം.എൽ.എ.-മാരുമായും ഈ പദ്ധതിയെപ്പറ്റി ആലോചിച്ചിട്ടുണ്ട്. അമ്പലപ്പുഴയിലെ എം.എൽ.എ.-യുമായും ആലോചിച്ചിരുന്നു. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് അദ്ദേഹത്തിന്റെ പ്രതിനിധിയായ ശ്രീ. കരുമാടി മുരളിയുമായി ആലോചിച്ചാണ് അമ്പലപ്പുഴയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

ചക്കര ചെത്ത്

82 [1089] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് ചക്കര ചെത്ത് അനുവദിക്കുന്നുണ്ടോ;

(ബി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന ചക്കര കേരളത്തിലെ മാർക്കറ്റുകളിൽ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കൊപ്ര സംഭരണത്തിൽ നടന്ന ക്രമക്കേട്

83 [1090] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ക്രമക്കേടുണ്ടെന്നാണ് വിജിലൻസ് കണ്ടെത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇപ്പോൾ കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇതുമായി ബന്ധപ്പെട്ട് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2000-01-ലെ കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് വിവിധ സഹകരണ സംഘങ്ങളിലായി 76,85,491 രൂപയുടെ ക്രമക്കേടുകൾ ഉള്ളതായിട്ടാണ് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് കാണിക്കുന്നത്.

(ബി) ഉണ്ട്.

(സി) കൃത്യമായ വിവരം ലഭ്യമായിട്ടില്ല.

(ഡി) ഇല്ല. അന്വേഷണം പൂർത്തിയായതിന് ശേഷമേ കുറ്റക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

ഇൻഫാമിന്റെ റബ്ബർ കയറ്റുമതി

84 [1091] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫാം എന്ന കർഷക സംഘടനയുടെ നേതൃത്വത്തിൽ റബ്ബർ കയറ്റി അയച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ തീയതികളിൽ എത്ര വീതം റബ്ബർ എവിടേക്കാണ് കയറ്റി അയച്ചതെന്ന് വിവരം ലഭിച്ചിട്ടുണ്ടോ;

(സി) ഈ വകയിൽ സബ്സിഡി ഇനത്തിൽ എത്ര രൂപയാണ് ഇൻഫാമിന് സർക്കാർ നൽകാനുള്ളത് എന്നും ഇതിൽ എത്ര രൂപ നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ഡി) ബാക്കി തുക ഇതുവരെയും നൽകാൻ കഴിയാത്തതിന്റെ കാരണം എന്തെന്നു വ്യക്തമാക്കാമോ;

(ഇ) ഇതു സംബന്ധിച്ച് ഇൻഫാം സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനുമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇൻഫാം എന്ന കർഷക സംഘടന റബ്ബർ കയറ്റുമതി ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി) 1-11-2001 മുതൽ 30-3-2002 വരെ ശ്രീലങ്ക, ചൈന, പാകിസ്ഥാൻ, ഷാർജ എന്നിവിടങ്ങളിലേക്ക് 1198.50 എം.റ്റി. റബ്ബർ കയറ്റി അയച്ചിട്ടുണ്ടെന്നു ഇൻഫാം സർക്കാരിനു നൽകിയിട്ടുള്ള രേഖകൾ പ്രകാരം കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly